DESPATCHED
On..16/05/2022

# സംസ്ഥാന വിവരാവകാശ കമ്മീഷൻ കേരളം,

തിരുവനന്തപുരം 695 001

E-mail: sic.ker@nic.in

**ഹർജി നമ്പർ AP No. 186(1)/2022/SIC തീർപ്പു കൽപ്പിച്ചുകൊണ്ടുള്ള നടപടിക്രമം**

(ഫയൽ നമ്പർ: 3233/SIC-G4/2022)

(ഉത്തരവുകൾ sic.kerala.gov.in -ൽ ലഭ്യമാണ്)

സന്നിഹിതൻ

ഡോ. വിശ്വാസ് മേത്ത, മുഖ്യ വിവരാവകാശ കമ്മീഷണർ

തീയതി : 2022 മേയ് 11

ശ്രീ. ടി.എൻ. കരുണാകരൻ നായർ,
കരുണ ഹൗസ്,
വെങ്ങാലി, എരഞ്ഞിക്കൽ പോസ്റ്റ്,
കോഴിക്കോട് – 673 303. — അപ്പീൽ ഹർജിക്കാരൻ

1) സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ &
വില്ലേജ് ഓഫീസർ,
വില്ലേജ് ഓഫീസ്,
എലത്തൂർ, കോഴിക്കോട്.

2) അപ്പീൽ അധികാരി &
തഹസിൽദാർ (ഭൂരേഖ),
താലൂക്ക് ഓഫീസ്, കോഴിക്കോട് — എതിർകക്ഷികൾ

| | |
|---|---|
| 6(1) അപേക്ഷ സമർപ്പിച്ച തീയതി | 13/08/2021 |
| മറുപടി ലഭ്യമാക്കിയ തീയതി | 09/09/2021 |
| ഒന്നാം അപ്പീൽ അപേക്ഷ നൽകിയ തീയതി | 08/10/2021 |
| മറുപടി ലഭ്യമാക്കിയ തീയതി | 19/11/2021 |
| രണ്ടാം അപ്പീൽ അപേക്ഷ സമർപ്പിച്ച തീയതി | 19/02/2022 |
| കമ്മീഷനിൽ അപ്പീൽ ലഭ്യമായ തീയതി | 21/02/2022 |
| കമ്മീഷൻ റിപ്പോർട്ട് ആവശ്യപ്പെട്ട തീയതി | 03/03/2022 |
| കമ്മീഷനിൽ റിപ്പോർട്ട് ലഭിച്ച തീയതി | 18/03/2022 |
| ഹിയറിംഗ് നടന്ന തീയതി | 10/05/2022 വീഡിയോ/ആഡിയോ ഹിയറിംഗ് |
| ഹിയറിംഗ് സാന്നിദ്ധ്യം : അപ്പീൽ ഹർജിക്കാരൻ:<br>എസ്.പി.ഐ.ഒ. | പ്രതിനിധി ഹാജരായി<br>ഹാജരായി |

## ഉത്തരവ്

ശ്രീ. ടി.എൻ. കരുണാകരൻ നായർ, കമ്മീഷൻ മുമ്പാകെ സമർപ്പിച്ച അപ്പീൽ ഹർജിയിൽ ബോധിപ്പിച്ചത്, ഹർജിക്കാരൻ വിവരാവകാശ നിയമപ്രകാരം സമർപ്പിച്ച അപേക്ഷയിലെ 6, 7 എന്നീ ഇനങ്ങൾ ഒഴിച്ച് മറ്റെല്ലാ ഇനങ്ങൾക്കും ലഭിച്ച മറുപടി തെറ്റും തൃപ്തികരമല്ലാത്തതുമായതിനാൽ ഒന്നാം അപ്പീൽ സമർപ്പിച്ചു എന്നും ടി അപ്പീൽ ഒന്നാം എതിർകക്ഷിയുടെ നടപടി ശരിവച്ചുകൊണ്ട് അപ്പീൽ

തീർപ്പാക്കുകയാണ് ചെയ്തിട്ടുള്ളതെന്നും ആയതിനാൽ വിവരാവകാശ അപേക്ഷയിൽ ആവശ്യപ്പെട്ട വിവരങ്ങൾ നൽകണമെന്നും, അല്ലാത്തപക്ഷം വിവരങ്ങൾ നൽകാത്ത എതിർകക്ഷികൾക്കെതിരെ ശക്തമായ ശിക്ഷാനടപടി സ്വീകരിക്കണമെന്നുമാണ്.

2. ഒന്നാം എതിർകക്ഷി മുമ്പാകെ 13.08.2021-ന് സമർപ്പിച്ച അപേക്ഷയിൽ ഹർജിക്കാരൻ ആവശ്യപ്പെട്ടത്, കോഴിക്കോട് ജില്ലയിൽ എലത്തൂർ അംശം മൊകവൂർ ദേശത്തുള്ള തണ്ടപ്പേർ നം.5238 സർവ്വെ & സബ് നമ്പർ: 28/57, 28/58, 51/82 എന്നീ 3 സ്ഥലങ്ങൾക്ക് കോടതികളിൽ കേസുകൾ നിലവിലുണ്ടെന്ന് അറിഞ്ഞതിനാൽ വില്ലേജ് ഓഫീസറുടെ 4.8.2021-ലെ മറുപടിയിൽ കേസുകൾക്ക് പുറമെ ടിയാന്റെ സ്ഥലങ്ങൾക്ക് ശ്രീ. നാരായണൻ, എക്സിക്യൂട്ടീവ് ഓഫീസർ കാമ്പുറം ദേവസ്വം, `ശരണം`, കണ്ടപത്ത്, എടക്കാട് എന്നവർ 25.6.20219-ന് 2019-20 വർഷത്തെ ഭൂനികുതി KIL11010707823/19-ാം നമ്പർ രസീത് പ്രകാരം അടച്ചിട്ടുണ്ടെന്നാണ് മനസ്സിലാകുന്നതെന്നും ആയതുമായി ബന്ധപ്പെട്ട് 7 ഇനങ്ങളിലായുള്ള ചോദ്യങ്ങൾക്ക് മറുപടി നൽകണമെന്നാണ്.

3. മേൽപ്പടി അപേക്ഷയ്ക്ക് 09.09.2021 തീയതി ഒന്നാം എതിർകക്ഷി മറുപടി നൽകിയിട്ടുള്ളതായി കാണുന്നു. മേൽപ്പടി മറുപടിയ്ക്കെതിരെ ഹർജിക്കാരൻ 08.10.2021 തീയതി രണ്ടാം എതിർകക്ഷി മുമ്പാകെ ഒന്നാം അപ്പീൽ സമർപ്പിച്ചു. മേൽപ്പടി അപ്പീൽ അപേക്ഷ തീർപ്പാക്കി പുറപ്പെടുവിച്ച ഉത്തരവിൽ രണ്ടാം എതിർകക്ഷി പ്രസ്താവിച്ചത്, ഹർജിക്കാരൻ സമർപ്പിച്ച അപ്പീൽ പ്രകാരം ടിയാനെ നേരിൽ കേൾക്കാൻ നോട്ടീസ് നൽകിയെങ്കിലും പ്രായാധിക്യം മൂലം ഹിയറിംഗിന് ഹാജരാകാൻ സാധിക്കില്ലെന്ന് അറിയിച്ചതിന്റെ അടിസ്ഥാനത്തിൽ അപ്പീൽ ഹർജിയും എസ്.പി.ഐ.ഒ. നൽകിയ മറുപടിയും ഫയലും പരിശോധിച്ചതിൽ ഹർജിക്കാരൻ ആവശ്യപ്പെട്ട 7 ചോദ്യങ്ങൾക്കും വില്ലേജ് ഓഫീസിലെ രേഖ പരിശോധിച്ച് ഓഫീസ് മെറ്റീരിയൽ ഫോമിൽ ലഭ്യമായ വിവരങ്ങൾ സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ സമയപരിധിക്കുള്ളിൽ തന്നെ ഹർജിക്കാരന് നൽകിയതായി കാണുന്നു എന്നാണ്.

4. ഒന്നാം എതിർകക്ഷി 19.3.2022 തീയതി കമ്മീഷൻ മുമ്പാകെ സമർപ്പിച്ച റിപ്പോർട്ടിൽ പ്രസ്താവിച്ചത്, ഹർജിക്കാരൻ കോഴിക്കോട് ജില്ലയിൽ, എലത്തൂർ വില്ലേജിൽ മൊകവൂർ ദേശത്തുള്ള തണ്ടപ്പേർ നം. 5238 പ്രകാരം ഭൂനികുതി അടച്ചു വരുന്ന റീസർവ്വെ:28/1-ൽപ്പെട്ട (ടി.പി. പ്രകാരം 28/57, 28/58) ഭൂമി സംബന്ധിച്ചുള്ള ചോദ്യങ്ങൾക്കു നൽകിയ മറുപടി സംബന്ധിച്ചാണ് പരാതിക്ക് ആസ്പദമായിട്ടുള്ളതെന്നും ടിയാന്റെ അപേക്ഷയിലെ 6, 7 ചോദ്യങ്ങൾക്കു ലഭിച്ച മറുപടി മാത്രമാണ് തൃപ്തികരമായതെന്നും ബാക്കി ചോദ്യങ്ങൾക്കു ലഭിച്ച മറുപടി തൃപ്തികരമല്ലെന്നുമാണ് ടിയാന്റെ ആക്ഷേപമെന്നും റീസർവ്വെ.28/1-ൽ (ടി.പി.

നം.5238 പ്രകാരം റീസർവ്വെ 28/57, 28/58) 13 ആർ 5.14 സ്കയർ മീറ്റർ സ്ഥലത്തിനും ടിയാന്റെ മകനായ ശ്രീ.അനീഷ്ബാബു എന്നവർ 34.75 സെന്റ് സ്ഥലത്തിനും, എക്സിക്യൂട്ടീവ് ഓഫീസർ കാമ്പുറം ദേവസ്വം എന്നിവർ 54.25 സെന്റ് സ്ഥലത്തിനും ഭൂനികുതി അടവാക്കി വരുന്നുണ്ടെന്നും മൊകവൂർ ദേശം റീസർവ്വെ.28/1-ൽപ്പെട്ട സ്ഥലത്തിന്റെ അളവ് വില്ലേജ് രേഖകൾ പ്രകാരം 75 സെന്റ് ആണെന്നും വില്ലേജിൽ 2017-ലാണ് ഭൂനികുതി കമ്പ്യൂട്ടറൈസേഷൻ ആകുന്നതെന്നും ആ സമയത്ത് ബന്ധപ്പെട്ട കക്ഷികൾ അതുവരെ അടച്ചു വരുന്ന മാന്വൽ നികുതി രീതിയും ഉടമസ്ഥാവകാശം തെളിയിക്കുന്ന ആധാരം, മറ്റു ആവശ്യമായ രേഖകൾ ഏതൊക്കെയാണോ ആയതുപ്രകാരമാണ് ഡാറ്റ എൻട്രി വരുത്തുന്നതെന്നും ഇതിൽ എവിടെയും ഓരോ റീ-സർവ്വെയുടെയും മട്ടളവോ, ഭൂമി നേരിട്ട് പരിശോധിച്ചോ അല്ല നടപടികൾ പൂർത്തിയാക്കിയതെന്നും മേൽപ്പറഞ്ഞ റീസർവ്വെ 28/1-ൽ ശ്രീ. കരുണാകരൻ നായരും ടിയാന്റെ മകനായ ശ്രീ. അനീഷ് ബാബുവും കാമ്പുറം ദേവസ്വം എക്സിക്യൂട്ടീവ് ഓഫീസറും ഭൂനികുതി അടവാക്കി വരുന്നുണ്ടെന്നും ഈ മൂന്ന് പേരിൽ ഒരാൾ വാങ്ങിയ ഭൂമിയുടെ രേഖകളിൽ പിഴവ് ഉണ്ടെന്ന് വ്യക്തമാകണമെങ്കിൽ നിലവിൽ കോടതിയിൽ നടന്നുവരുന്ന കേസുകളിൽ അന്തിമവിധി വരേണ്ടതുണ്ടെന്നും അപേക്ഷകൻ ഉന്നയിച്ച ചോദ്യങ്ങൾക്ക് വില്ലേജിൽ ലഭ്യമായ രേഖകൾ പ്രകാരം വ്യക്തമായ മറുപടി നൽകിയിട്ടുണ്ടെന്നും, കോടതികളിൽ ഉടമസ്ഥാവകാശം സംബന്ധിച്ച് കേസ് നടന്നു വരുന്ന ഭൂമിയെ സംബന്ധിച്ചാണ് വിവരാവകാശ ചോദ്യങ്ങളും തീർപ്പുകളും നടപടികളും ആവശ്യപ്പെട്ട് അപേക്ഷകളും അപ്പീലും നൽകി വരുന്നതെന്നും അപേക്ഷകനോട് ഓഫീസിൽ നേരിട്ട് ഹാജരാകാനോ മറ്റോ ആവശ്യപ്പെട്ടിട്ടില്ലെന്നും അപേക്ഷകന്റെ എല്ലാ കാര്യങ്ങളും നോക്കി നടത്തി വരുന്നത് ടിയാന്റെ മകനും, പോലീസ് വകുപ്പിൽ ജോലി ചെയ്യുന്ന ശ്രീ.അനീഷ് ബാബു എന്നവരാണെന്നും ആലത്തൂർ വില്ലേജിൽ മൊകവൂർ ദേശം റീസർവ്വെ 28/1-ൽപ്പെട്ടതും, അപേക്ഷകനും, കമ്പുറം ദേവസ്വം എക്സിക്യൂട്ടീവ് ആഫീസറും ഭൂനികുതി അടച്ചു വരുന്നതും കോടതിയിൽ കേസ് നടന്ന വരുന്നതും, കോടതിയിൽ നിന്നും ഉടമസ്ഥാവകാശം സംബന്ധിച്ച് അന്തിമവിധി വരേണ്ടതുമായ ഭൂമിയെ സംബന്ധിച്ചാണ് ടിയാൻ നിരന്തരം വിവരാവകാശ ചോദ്യങ്ങൾ ഉന്നയിക്കുന്നതെന്നുമാണ്.

5. അപ്പീൽ ഹർജിയും ബന്ധപ്പെട്ട രേഖകളും പരിശോധിച്ചതിൽ, ഹർജിക്കാരന്റെ വിവരാവകാശ അപേക്ഷയ്ക്ക് ലഭ്യമായ മറുപടി എതിർകക്ഷികൾ നൽകിയിട്ടുണ്ടെന്നും ആയതിൽ അപാകതയില്ലെന്നും കമ്മീഷന് ബോധ്യമാകുന്നു. എന്നാൽ നൽകിയ ടി മറുപടിയിലെ 6, 7 എന്നീ ഇനങ്ങൾക്ക് ഒഴികെയുള്ള മറുപടിയിൽ ഹർജിക്കാരൻ ആക്ഷേപം ഉന്നയിച്ചിരിക്കുന്ന സാഹചര്യത്തിൽ, ടി ആക്ഷേപം ദൂരീകരിക്കുന്നതിന് ഹർജിക്കാരൻ ആവശ്യപ്പെടുകയാണെങ്കിൽ

ടിയാന്റെ ഒരു പ്രതിനിധിയെ അയച്ച് രേഖകൾ നേരിട്ട് പരിശോധിച്ച് ബോധ്യപ്പെടുന്നതിന് എതിർകക്ഷികൾ അവസരം നൽകണമെന്ന് കമ്മീഷൻ നിർദ്ദേശിക്കുന്നു.

6. മേൽ പ്രസ്താവിച്ച പ്രകാരം ഈ അപ്പീൽ ഹർജി തീർപ്പാക്കി ഇന്നേ ദിവസം 2022 മേയ് 11-ാം തീയതി കമ്മീഷൻ ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഒപ്പ്)
ഡോ. വിശ്വാസ് മേത്ത
മുഖ്യ വിവരാവകാശ കമ്മീഷണർ

STATE INFORMATION COMMISSION * KERALA, THIRUVANANTHAPURAM *

സാക്ഷ്യപ്പെടുത്തിയ പകർപ്പ്

കമ്മീഷൻ സെക്രട്ടറി